പൊതുടാപ്പിൽ നിന്നുമുള്ള ജലനഷ്ടം തടയാൻ പദ്ധതി

26 (*506) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പൊതുടാപ്പുകളിൽ നിന്നും ധാരാളം ശുദ്ധജലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പൊതു ടാപ്പുകളുടേയും മറ്റും അറ്റകുറ്റപ്പണികൾ സമയത്തിന് ചെയ്യുന്നതിന് മൊബൈൽ യൂണിറ്റുകൾ നിലവിലുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ ;

(ജി) വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) പൊതുടാപ്പുകളിൽ നിന്നും ശുദ്ധജലം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കഴിയുന്നതും വേഗം അത് നിയന്ത്രിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാറുണ്ട്. ആവശ്യത്തിന് വെള്ളം എടുത്ത് കഴിഞ്ഞാൽ ടാപ്പ് സ്വയം അടഞ്ഞ് വെള്ളത്തിന്റെ പ്രവാഹം നിലയ്ക്കുന്ന തരത്തിലുള്ള സെൽഫ് ക്ലോസിംഗ് ടാപ്പുകളാണ് ഘടിപ്പിക്കാറുള്ളത്. എന്നാൽ ചിലയിടങ്ങളിൽ ഇത്തരം ടാപ്പുകൾ ശരിയായ രീതിയിൽ ഉപയോഗിക്കാതെ കേടാക്കാറുണ്ട്. ഇങ്ങനെ ടാപ്പുകൾ കേടാകുന്നതു മൂലമാണ് ശുദ്ധജലം നഷ്ടപ്പെടുന്നത്. ഇത് ശ്രദ്ധയിൽപ്പെടുമ്പോൾ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് കേടുപാടു തീർക്കുകയോ കേടായവ മാറ്റി പുതിയ ടാപ്പുകൾ സ്ഥാപിക്കുകയോ ചെയ്ത് പരിഹാരം ഉണ്ടാക്കാറുണ്ട്. കൂടാതെ ശുദ്ധജലം പാഴാകുന്നത് ആരുടെ ശ്രദ്ധയിൽപ്പെട്ടാലും ആ വിവരം ഉടനടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ഫോൺ മുഖേനയോ നേരിട്ടോ അറിയിക്കേണ്ടതാണെന്ന പ്രസ്താവന ഫോൺ നമ്പരുകൾ സഹിതം മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാറുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) മൊബൈൽ യൂണിറ്റുകൾ നിലവിലില്ല. എന്നാൽ വേനൽക്കാലങ്ങളിൽ ശുദ്ധജലത്തിന്റെ ദുരുപയോഗം തടയുന്നതിനാവശ്യമായ സ്കാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(എഫ്&ജി) ശുദ്ധജല വിതരണ സംവിധാനത്തെക്കുറിച്ച് പൊതുജന ബോധവൽക്കരണ പരിപാടികൾ കേരളാ വാട്ടർ അതോറിറ്റി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. ഇത്തരം ബോധവൽക്കരണ പരിപാടികൾ മുഖേന ശുദ്ധജലത്തിന്റെ ദുരുപയോഗവും നഷ്ടവും ഒരളവു വരെ പരിഹരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly